ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2015-16 വാർഷിക പദ്ധതിയിൽ 7686.32 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. 31-5-2016 വരെയുള്ള താൽക്കാലിക കണക്ക് പ്രകാരം 104.08 കോടി രൂപ (1%)ചെലവഴിച്ചിട്ടുണ്ട്. വകുപ്പ് തിരിച്ച കണക്ക് അനുബന്ധം (1) ആയി നൽകുന്നു.*

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2014-15 വർഷം 2733.53 കോടി രൂപ വകയിരുത്തുകയും ഓരോ വകുപ്പിനും 421.24 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വകയിരുത്തിയ തുകയും ചെലവാക്കിയ തുകയും ശതമാനവും അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.* ലാപ്സായ തുകയുടേയും വകമാറ്റി ചെലവഴിച്ച തുകയുടേയും വിവരം ശേഖരിച്ചുവരുന്നു.

(സി-എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ജി) 2011-12 വർഷം മുതൽ ഓരോ വർഷവും കേന്ദ്രാവിഷ്കൃത പദ്ധതിയിൽ കുറവ് വന്നിട്ടില്ല.

2011-12 വർഷം മുതൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വകയിരുത്തിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

വർഷം	പദ്ധതി വിഹിതം
2011-12	1406.28
2012-13	2176.6
2013-14	2643.2
2014-15	2733.53

മിഷൻ 676

57 (1425) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ മിഷൻ 676 പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ഏതെല്ലാം വകുപ്പുകളുടെ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതികൾ നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ നല്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാന ആസൂത്രണ ബോർഡിൽനിന്നും മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.*

പദ്ധതികൾ കാര്യക്ഷമമായി ജനങ്ങൾക്ക് ഏറ്റവും പ്രയോജനപ്രദമായി നടപ്പിലാക്കുക, സംസ്ഥാനത്തിന്റെ വികസനാവശ്യങ്ങൾ മുൻകൂട്ടികണ്ട് അവ കൈവരിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക, അടിസ്ഥാന സൗകര്യ വികസനം എന്നിവയാണ് മുഖ്യ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) വകുപ്പ് അടിസ്ഥാനത്തിലല്ല ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. എല്ലാ വകുപ്പുകളുടെ പദ്ധതികളും ഇതിൽ ഉൾപ്പെടും.

(ഡി) ഇത് സംബന്ധിച്ച വിവരം അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.*

മിഷൻ 676 വഴി നടപ്പാക്കുന്ന പദ്ധതികൾ

58 (1426) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി വാർഷിക പദ്ധതി നിർവ്വഹണ നിരീക്ഷണത്തിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ 676 വഴി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly